ചാരായനിരോധനം ഫലപ്രദമാക്കാൻ നടപടികൾ

18 (*228)ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായനിരോധനം ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ ചാരായവിൽപ്പന നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കള്ളച്ചാരായം പിടിക്കുന്നതിന് ഉത്തരവാദപ്പെട്ട എക്സൈസ് പോലീസ് ഉദ്യോഗസ്ഥന്മാർ കള്ളച്ചാരായത്തിന് കൂട്ടുനിൽക്കുകയില്ലെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ചാരായനിരോധനത്തെ തുടർന്ന് സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാര്യങ്ങളെക്കുറിച്ച് പഠനം വല്ലതും നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ തയാറാകുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ചാരായനിരോധനം ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി, റെയിഞ്ച് സർക്കിൾ തലങ്ങളിൽ എക്സൈസും പോലീസും മിന്നൽ പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നുണ്ട്. ചാരായ നിരോധനനിയമം ലംഘിക്കുന്നവർക്കെതിരായി അബ്കാരി ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾ ജാമ്യമില്ലാത്തകുറ്റങ്ങൾ ആക്കുകയും ഇത്തരം കുറ്റകൃത്യങ്ങൾക്ക് 10 വർഷം വരെ തടവും കുറഞ്ഞത് ഒരു ലക്ഷം രൂപ പിഴയും ഏർപ്പെടുത്തിക്കൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. കള്ളിൽ അടങ്ങിയിട്ടുള്ള വീര്യത്തിന്റെ അളവ് 8.1 ശതമാനമായി നിജപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെക്ക് പോസ്റ്റുകളിലെ പരിശോധനയും രാത്രികാല പെട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) കള്ളച്ചാരായം പിടിക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ കള്ളച്ചാരായത്തിന് കൂട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്. ഇത് സംബന്ധിച്ച് എല്ലാ ഉദ്യോഗസ്ഥന്മാർക്കും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം ശ്രദ്ധയിൽപ്പെട്ട രണ്ടു കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽനിന്നും മാറ്റിനിർത്തി അന്വേഷണം നടന്നുവരികയാണ്.

(സി) ചാരായ നിരോധനത്തെ തുടർന്നുള്ള ആദ്യവർഷത്തിൽ മദ്യത്തിന്റെ ഉപയോഗം കുറവായിരുന്നെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധനവാണുണ്ടായിട്ടുള്ളത്. ചാരായം ഉപയോഗിച്ചിരുന്നവർ വിദേശമദ്യം ഉപയോഗിക്കാൻ തുടങ്ങിയതാകാം കാരണം എന്നു കരുതുന്നു.

കോക്കനട്ട് പ്രമോഷൻ കൗൺസിൽ

19 (*229)ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകൃഷിയുടെ പ്രോത്സാഹനത്തിനായി കോക്കനട്ട് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ കൗൺസിലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കൗൺസിലിന്റെ ഘടന എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോക്കനട്ട് പ്രമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) രൂപീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ നാളികേരകൃഷിയുടെ സമഗ്രമായ വികസനത്തിനും നാളികേര ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും പ്രചരണത്തിനും വേണ്ടുന്ന കർമ്മപരിപാടികൾ നിർദ്ദേശിക്കുവാനും പ്രസ്തുത പരിപാടികൾ ഏകോപിപ്പിക്കുവാനും വിലയിരുത്തുവാനും അതുവഴി കേരകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുവാനും ഉദ്ദേശിച്ചുകൊണ്ടാണ് പ്രസ്തുത കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്.

(സി) താഴെ പറയുന്ന അംഗങ്ങളാണ് കൗൺസിലിൽ ഉള്ളത്.

1.	കൃഷി വകുപ്പുമന്ത്രി	ചെയർമാൻ
2.	കാർഷികോൽപ്പാദന കമ്മീഷണർ	അംഗം
3.	സെക്രട്ടറി (കൃഷി)	കൺവീനർ
4.	കൃഷിവകുപ്പ് ഡയറക്ടർ	അംഗം
5.	ഡയറക്ടർ (കാർഷിക വിപണനം)	അംഗം
6.	ചെയർമാൻ, നാളികേരവികസന ബോർഡ്, കൊച്ചി.	
7.	മാനേജിംഗ് ഡയറക്ടർ, കേരഫെഡ്, തിരുവനന്തപുരം.	
8.	മാനേജിംഗ് ഡയറക്ടർ, ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തിരുവനന്തപുരം.	
9.	മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ്, കൊച്ചി.	
10.	ചെയർമാൻ, കാർഷിക വില നിർണ്ണയ ബോർഡ്, തിരുവനന്തപുരം.	
11.	റീജിയണൽ മാനേജർ, എൻ.സി.ഡി.സി., തിരുവനന്തപുരം.	

LIBRARY ARCHIVES Kerala Legislative Assembly